Bringing You Closer to God
LANDWAY
RNI-KERBIL/2015/62054

# ലാൻഡ്‌വേ ന്യൂസ്

**10 OCTOBER 2016**

www.landwaynews.com email: landwaynews@gmail.com

Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.

Published From Pathanamthitta • Volume No. 2, Issue No. 10 • Pages 8 • Price: Rs. 10/-

## ലാൻഡ്‌വേ ന്യൂസ് സാഹിത്യ അവാർഡ് 2016

### മികച്ച ലേഖനത്തിന് ക്യാഷ് അവാർഡ്

ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന സാഹിത്യ അവാർഡ് 2016 ലേക്ക് രചനകൾ ക്ഷണിക്കുന്നു. ഏറ്റവും മികച്ച ഒരു ലേഖനത്തിന് ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും നൽകുന്നതായിരിക്കും. അഞ്ച് മികച്ച ലേഖനങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കും.

ക്രിസ്തീയ മൂല്യങ്ങളോട് ബന്ധപ്പെട്ടെഴുതിയ കാലിക പ്രസക്തിയുള്ള ലേഖനങ്ങൾ പരിഗണിക്കുന്നതാണ്. രചനയോടൊപ്പം മേൽവിലാസം, ഫോൺനമ്പർ, ഇമെയിൽ ഐഡി, ഏറ്റവും പുതിയ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഉണ്ടായിരിക്കണം. തപാലിലോ, ഇമെയിൽ വഴിയോ രചനകൾ അയയ്ക്കാവുന്നതാണ്. പ്രായമോ സഭാവ്യത്യാസമോ ഇല്ലാതെ ആർക്കും പങ്കെടുക്കാം. മുമ്പ് പ്രസിദ്ധീകരിച്ചവ ആയിരിക്കരുത്. എല്ലാ മികച്ച കൃതികളും ലാൻഡ്‌വേ ന്യൂസിൽ പ്രസിദ്ധീകരിക്കും. രചനകൾ തിരിച്ചയയ്ക്കുന്നതല്ല. **2016 ഡിസംബർ 30ന്** മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം. തപാൽ പ്രശ്നങ്ങൾ മൂലം രചനകൾ കൃത്യസമയത്ത് ഓഫീസിൽ ലഭിക്കാതിരിക്കുകയോ നഷ്ടപ്പെടുകയോ ചെയ്താൽ ലാൻഡ്‌വേ ന്യൂസ് ഉത്തരവാദിയല്ല. ഇംഗ്ലീഷിലും മലയാളത്തിലും രചനകൾ അയയ്ക്കാം

2017 ജനുവരി 30-ാം തീയതി അവാർഡ് പ്രഖ്യാപിക്കുകയും ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന ഔദ്യോഗിക ചടങ്ങിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യുന്നതുമാണ്. സമയവും വേദിയും പിന്നീട് അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക് ലാൻഡ്‌വേ ന്യൂസ് ഓഫീസുമായി ബന്ധപ്പെടുക.

**LANDWAY NEWS | SAHITHYA AWARD | THUMPAMON P.O., | PATHANAMTHITTA DIST - 689502**
**Phone: +91 9447440441 | Email: landwaynews@gmail.com**

## വാർഷികവും യാത്രയയപ്പും



ഫുജൈറ: യു.എ.ഇ ഈസ്റ്റ് കോസ്റ്റ് റീജിയനിലെ പതിനഞ്ചു പെന്തക്കോസ്തു സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പ് ഈസ്റ്റേൺ റീജിയൻ ഒന്നാം വാർഷികവും പ്രവാസത്തിന്റെ നാൽപ്പത്തിയൊന്നുവർഷം പൂർത്തിയാക്കിയ പാസ്റ്റർ ജോൺസൻ ലാസറിനു യാത്രയയപ്പും ക്ലിഫ്ടൺ ഇന്റർനാഷണൽ ഹോട്ടലിൽ വച്ച് നടത്തി. യു.എ.ഇ.യിലെ ആദ്യകാല സുവിശേഷകരിൽ ഒരാളായ പാസ്റ്റർ ജോൺസൻ ദീർഘകാലം ശാലോം സഭയുടെ ശുശ്രൂഷകനായിരുന്നു. യു.പി.എഫിന്റെ ഉപഹാരം ജോൺസൻ ലാസറിനു നൽകി. യു.പി.എഫ് പ്രസിഡന്റ് പാസ്റ്റർ ജെയിംസ് കെ. ഈപ്പൻ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സൈമൺ വർഗീസ് ആമുഖ പ്രഭാഷണം നടത്തി. സെക്രട്ടറി പാസ്റ്റർ ഷാജി മാത്യുസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ്പാസ്റ്റർ ജെ.എം. ഫിലിപ്പ് സ്വാഗതവും, മീഡിയ സെക്രട്ടറി ഡഗ്ലസ് ജോസഫ് നന്ദിയും പറഞ്ഞു. ജെസ്സി ജോൺസൻ വി.ബി. റിപ്പോർട്ട് അവതരിപ്പിച്ചു. ക്രിസ്ജോ നയിച്ച യു.പി.എഫ് ക്വയർ ഗാനശുശ്രൂഷ നടത്തി. യു.പി.എഫ് നടത്തിയ വി.ബി.സി യുടെ സമ്മാനദാനവും നടത്തി.

പാസ്റ്റർമാരായ ഷാജി അലക്സാണ്ടർ, ജോൺസൻ മത്തായി, ഭക്തസിംഗ്, റെജി ജോൺ പന്തളം, സഹോദരായ ജിജി പാപ്പച്ചൻ, അജിത്, ബിജു വർഗീസ്, ഡാൽട്ടൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.

## സ്റ്റേറ്റ് കൺവൻഷൻ പെരുമ്പാവൂരിൽ

സാം കൊണ്ടാഴി
(മീഡിയാ കൺവീനർ)




പെരുമ്പാവൂർ: ഐ പി സി കേരളാ സ്റ്റേറ്റ് കൺവൻഷൻ 2016 ഡിസംബർ 7 മുതൽ 11 വരെ പെരുമ്പാവൂരിൽ നടക്കും. സുപ്രസിദ്ധ പ്രസംഗകനായ റവ. രവി മണി (ബാംഗ്ലൂർ) മുഖ്യപ്രഭാഷകനായിരിക്കും. കൺവൻഷന്റെ നടത്തിപ്പിനായി സെപ്റ്റംബർ 17 ശനിയാഴ്ച പെരുമ്പാവൂർ ഒന്നാം മൈൽ ഐ.പി.സി ഹെബ്രോൻ സഭയിൽ വിളിച്ചുകൂട്ടിയ ലോക്കൽ തലത്തിലുള്ള പ്രഥമ ആലോചന യോഗത്തിൽ വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ കൺവൻഷന്റെ നടത്തിപ്പിനെക്കുറിച്ചു വിശദീകരിച്ചു. തുടർന്ന് ലോക്കൽ ഭാരവാഹികളെ തെരഞ്ഞെടുത്തു. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് ജനറൽ കൺവീനറായിരിക്കും.

കൺവൻഷന്റെ സംഘാടക സമിതി രക്ഷാധികാരിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ. എം. ജോസഫ് മുഖ്യ സന്ദേശം നൽകി. പാസ്റ്റർ സി. സി. എബ്രഹാം (ജോയിന്റ് സെക്രട്ടറി) സ്വാഗതവും ബ്രദർ ഗ്ലാഡ്സൺ ജേക്കബ് നന്ദിയും പറഞ്ഞു. ബ്രദർ ജോയി താനുവേലിൽ (ട്രഷറാർ), ബ്രദർ ജോസ് ജോൺ കായംകുളം എന്നിവർ വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചു സംസാരിച്ചു. പാസ്റ്റർ സണ്ണി മാത്യു, കൗൺസിൽ അംഗങ്ങളായ പാസ്റ്റർമാരായ സാം ദാനിയേൽ, ടി. എ. തമ്പി, ജോയി പുല്ലുവഴി, ജോയി പെരുമ്പാവൂർ, അനിൽ കുര്യാക്കോസ്, സഹോദരന്മാരായ സജി മത്തായി കാതേട്ട്, സണ്ണി എബ്രഹാം, തമ്പി മുടവന്തിയിൽ, പി.വൈ.പി.എ സംസ്ഥാന സെക്രട്ടറി ലൈജു കുന്നത്ത്, ബേസിൽ അറയ്ക്കൽപ്പടി തുടങ്ങിയവർ സംസാരിച്ചു.

## മലബാർ മേഖല കൺവൻഷൻ

നിലമ്പൂർ: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ മലബാർ മേഖല കൺവൻഷൻ 2016 നവംബർ 30 ബുധൻ മുതൽ ഡിസംബർ 4 ഞായർ വരെ നിലമ്പൂർ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളജ് ഗ്രൗണ്ടിൽ നടക്കും. മേഖലാ രക്ഷാധികാരി പാസ്റ്റർ വി. ജെ. ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിക്കും. പ്രമുഖ വചനഭാഷകർ പ്രസംഗിക്കും. ഗാനശുശ്രൂഷ, ബൈബിൾ സ്റ്റഡി, ശുശ്രൂഷക സമ്മേളനം, യുവജന സമ്മേളനം, സൺഡേസ്കൂൾ-സോദരീ സമാജം, വാർഷികം, പൊതുയോഗങ്ങൾ, സംയുക്താരാധന എന്നിവ കൺവൻഷന്റെ ഭാഗമായി നടക്കും. കൺവൻഷന്റെ വിജയത്തിനായ് വിവിധ കമ്മറ്റികൾ തെരഞ്ഞെടുക്കപ്പെടുമെന്ന് മേഖലാ പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ്ജും മേഖലാ സെക്രട്ടറി പാസ്റ്റർ സാം ദാനിയേലും അറിയിച്ചു.

## ശാരോൻ ജനറൽ കൺവൻഷൻ നവംബർ 28 മുതൽ

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് സഭകളുടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ നവംബർ 28 മുതൽ ഡിസംബർ 4 വരെ തിരുവല്ല ശാരോൻ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. സഭാ പ്രസിഡൻറ് പാസ്റ്റർ ജോൺ തോമസ് ഉദ്ഘാടനം ചെയ്യും.

സുപ്രസിദ്ധ സുവിശേഷ പ്രഭാഷകർ വിവിധ യോഗങ്ങളിൽ ദൈവവചന സന്ദേശം നൽകും. ബൈബിൾ സ്റ്റഡി, ശുശ്രൂഷക കോൺഫ്രൻസ്, സിഇഎം, സണ്ടേസ്കൂൾ സംയുക്ത സമ്മേളനം, വനിതാ സമ്മേളനം, മിഷൻ ചലഞ്ച്, ധ്യാനയോഗം എന്നിവ ഉണ്ടായിരിക്കും. ഞായറാഴ്ച പകൽ പൊതു സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുക്കും.

**അഡ്രസ്സ് മാറ്റമുള്ളവരും വരിസംഖ്യ അടയ്ക്കാത്തവരും, ദയവായി സഹകരിച്ചാലും!**

**ഒരു അഡ്രസ്സിൽ ഒന്നിലധികം ലാൻഡ്‌വേ ലഭിക്കുന്നുവെങ്കിൽ ഓഫീസിൽ അറിയിക്കുക.**

*എഡിറ്റർ*

2 ആശയ വിനിമയത്തിലെ അപാകതകൾ — സന്തോഷ് പന്തളം
2 കുടുംബവും ദൈവവും നാമും — ഷെറിൻ ഷേർളി സന്തോഷ്
3 നല്ല തലമുറകളെ വാർത്തെടുക്കുക — ജെ. പി. വെണ്ണിക്കുളം
4 The Power that Build a person and Church — Duglas Joseph
6 തെറ്റിലേക്ക് തെന്നിവീഴുന്ന യുവതലമുറകൾ — ബിജി കോശി

**LANDWAY NEWS**

EDITORIAL BOARD
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara
ETHIOPIA
Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55



സന്തോഷ് പന്തളം

# ആശയവിനിമയത്തിലെ അപാകതകൾ

വാക്ക് കൊണ്ട് ആശയ വിനിമയം നടത്തുവാൻ കഴിവുള്ളത് മനുഷ്യർക്ക് മാത്രമാണ് എന്നതാണല്ലോ യഥാർത്ഥമായ സത്യം. പലപ്പോഴും നമ്മിലെ ആശയവിനിമയത്തിലെ അപാകതകൾ പലയിടങ്ങളിലും തെറ്റിദ്ധാ രണകൾക്ക് വഴിതെളിക്കാറുണ്ട്. നമ്മുടെ വാക്കുകൾ വളരെ ശ്രദ്ധയോടെ നാം ഉപയോഗിച്ചില്ലെങ്കിൽ ഗുണത്തെക്കാൾ ഏറെ ദോഷമേ ചെയ്യുകയുള്ളു എന്നു ഓർക്കുക.

പ്രായമുള്ളവർ പറഞ്ഞതായ ഒരു ചൊല്ല് ഞാൻ ഓർക്കുന്നു 'പറഞ്ഞ വാക്കും എറിഞ്ഞ കല്ലും ഒരിക്കലും തിരിച്ചു വരികയില്ല' നാം ആരെക്കുറിച്ചും തെറ്റായി സംസാരിക്കരുത് എന്ന് ഓർക്കുക. അഥവാ സംസാരിച്ചുപോയിട്ടുണ്ടെങ്കിൽ മറ്റ് വ്യക്തികളോട് ക്ഷമിക്കണമെന്ന് ചിലപ്പോഴൊക്കെ പറയാറുമുണ്ട്. മറ്റുള്ളവർ എത്ര ക്ഷമിച്ചുവെന്ന് പറഞ്ഞാലും ചിലർ ചില സന്ദർഭങ്ങളിൽ ഈ പറഞ്ഞ വാക്കുകളുടെ പ്രതിധ്വനികൾ മറുഭാഗത്തെ ആതിഥേയൻ ശക്തിയോടെ തലപൊക്കുന്നതായി പലപ്പോഴും കാണാൻ കഴിയുന്നു. എന്താണ് ഇതിനു കാരണമെന്നു ചിന്തിച്ചാൽ പലരും പൂർണ്ണമായി ക്ഷമിച്ചിട്ടില്ല എന്നതാണ് സത്യം.

ആകയാൽ നമ്മുടെ വാക്കുകൾ ഉപ്പിനാൽ രുചി വരുത്തുന്നതുപോലെയാണെങ്കിൽ നാം 'ക്ഷമിക്കുക' എന്ന വാക്ക് എപ്പോഴും ഉപയോഗിക്കേണ്ടി വരികയില്ലാ എന്ന് ഓർപ്പിക്കട്ടെ. മറ്റുള്ളവരുടെ വാക്കുകളെ നാം കേൾക്കാൻ എപ്പോഴും വേഗത കാണിക്കണം അപ്പോൾ തന്നെ മറുപടി പറയാൻ താമസവുമായിരിക്കേണം. എത്രത്തോളം നാം ഒരു വ്യക്തിയോട് അടുക്കുന്നുവോ അത്രത്തോളം അകലുവാനും സാധ്യത ഏറെയാണ്. ഏറ്റവും അടുത്ത വ്യക്തികൾക്ക് നമ്മുടെ ആശയ വിനിമയത്തിൽ സംഭവിക്കുന്ന ചെറിയ വാക്കുകൾ വലിയ വേദന ഉളവാക്കിയേക്കാം. അത് ദോഷത്തിലേക്കും പിണക്കത്തിലേക്കും അകൽച്ചയിലേക്കും ചിലപ്പോൾ വഴിതെളിച്ചേക്കാം.

മനുഷ്യരായ നാം മറ്റു മനുഷ്യരിൽ നിന്നും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മാനം ആഗ്രഹിക്കുന്നവരാണ് എന്നത് തള്ളിക്കളയാൻ പറ്റാത്ത നഗ്നസത്യമാണ്. എന്നാൽ നമുക്ക് മാനം കിട്ടണമെന്ന് ചിന്തിച്ചു കൊണ്ട് ചെയ്യുന്ന പ്രവർത്തികൾക്ക് മാനം ലഭിച്ചില്ലെങ്കിലാണ് പിന്നെ ഗുരുതര പ്രശ്നത്തിലേക്ക് മാറിയേക്കാം. ആകയാൽ മാനത്തെക്കാൾ അധികം സ്നേഹത്തിലൂടെയാണ് ചെയ്യുന്നതെങ്കിൽ ഇതിലെന്നും യഥാർത്ഥ സ്നേഹിതൻ നമ്മിൽ തളരുകയുമില്ല, വേദനിക്കുകയുമില്ല. നാം ആഗ്രഹിക്കുന്ന നിലയിൽ മാനം ലഭിക്കാതെ വരുമ്പോൾ ആശയപിശകുകളും അപസ്വരങ്ങളും നമ്മിൽ സംഭവിക്കുവാൻ ഇടയാകാം.

ശുദ്ധമനസാക്ഷിയോടും നിർമ്മദ മനസ്സോടും മറ്റുള്ളവരോട് നാം ഇടപഴകണം. തെറ്റായിട്ടും, തരം താഴ്ത്തിയും ആരെയും ചിത്രീകരിക്കരുത്. എത്രയെത്ര നല്ല കാര്യങ്ങൾ ഒരുവൻ ചെയ്തിട്ടായിരിക്കും അതിനകത്ത് അവനൊരു ചെറിയ തെറ്റ് സംഭവിച്ചത്. പക്ഷേ അദ്ദേഹത്തിന്റെ നല്ല വശങ്ങളെ നാം മറക്കുകയും തെറ്റിനെ ഉയർത്തി പിടിച്ചുകൊണ്ട് ലോകത്തോട് ഉറച്ച സ്വരത്തിൽ കൊട്ടിഘോഷിക്കുകയും ചെയ്യുന്ന ചില മാധ്യമങ്ങളും വ്യക്തികളും പിന്നെ ഇതിനെ ആഘോഷിക്കുവാൻ തുടങ്ങും. അവനെ കൊന്ന് കൊലവിളിക്കു ന്നത് വരെ നിലത്തിരിക്കുകയില്ല അടങ്ങുകയുമില്ല എന്നതല്ലേ യഥാർത്ഥമായ സത്യം.

ഒരു കാര്യം നാം വ്യക്തമായി ചിന്തിക്കണം 'പഴുത്ത പ്ലാവില വീഴുമ്പോൾ പച്ച പ്ലാവില ചിരിക്കും...' പക്ഷേ പച്ച പ്ലാവിലയും മനസ്സിലാക്കണം അൽപനാൾ കഴിയുമ്പോൾ നിശ്ചയമായും നീയും പഴുക്കും നിലത്ത് വീഴും നിലം പതിക്കും. അപ്പോൾ നിന്നെയും ഈ സമൂഹം പഴിക്കും. ആ നാശം നിന്നിൽ ഉണ്ടാകാതിരിക്കണമെങ്കിൽ ആരെയും ആക്ഷേപിക്കരുത്, അപകീർത്തിപ്പെടുത്തരുത്, ആരുടെ മുഖത്തും കരിവാരിത്തേക്കാൻ ശ്രമിക്കരുത്. നമ്മുടെ തെറ്റായ വാക്കുകളും വാർത്തകളും വ്യക്തികളെ മാത്രമല്ല, കുടുംബങ്ങളെയും സമൂഹത്തെയും രാജ്യങ്ങളെയും വരെ തകർക്കുവാൻ സാധ്യതയുണ്ട്.

കുടുംബത്തിനകത്തുള്ള ചെറിയ ചെറിയ ആശയപിശകുകളും തെറ്റിദ്ധാരണകളും ഈ കാലഘട്ടങ്ങളിൽ പല കുടുംബങ്ങളെയും കണ്ണീർകയത്തിലേക്ക് നയിച്ചു കൊണ്ടിരിക്കുന്നു. വീട്ടുകാർക്കും നാട്ടുകാർക്കും നിയമപാലകർക്കും നീതിന്യായ കോടതികൾക്കും സഹായിക്കാൻ കഴിയാതെ നോക്കുകുത്തികളായി മാറി നിൽക്കാനേസാധിക്കുന്നുള്ളു. നാം ഒന്ന് മനസ്സിരുത്തി ചിന്തിച്ചാൽ ഇതിന്റെ നിജസ്ഥിതി മനസിലാക്കി പ്രവർത്തിക്കാൻ കഴിയും.

പ്രധാന കാരണം മറ്റൊന്നുമല്ല, ദൈവത്തോടുള്ള പ്രാർത്ഥനയില്ലാത്തതും, കുടുംബത്തിലും സമൂഹത്തിലും അച്ചടക്കമില്ലാത്ത ജീവിതവുമാണ് എന്ന് ഓർക്കുക.

ഈ രണ്ട് വിഷയത്തിനും പരിഹാരമാർഗ്ഗം കണ്ടാൽ തീർച്ചയായും ആശയ വിനിമയത്തിലെ അപാകതകൾ പരിഹരിക്കുവാനും വിജയകരമായതും ആരോഗ്യകരമായതുമായ നല്ലൊരു ജീവിതം പടുത്തുയർത്തുവാൻ നമുക്ക് സാധിക്കും. അതിനായി നമുക്ക് ഒരുമിച്ച് ചിന്തിക്കാം. എഴുന്നേൽക്കാം, പ്രവർത്തിക്കാം. ആശയ വിനിമയം അതിന്റെ തനിമ നഷ്ടപ്പെടാതെ മുമ്പോട്ടു കൊണ്ടു പോകാൻ ഒരുമിച്ചു നമുക്ക് കൈകോർക്കാം.

**കുടുംബത്തിനകത്തുള്ള ചെറിയ ചെറിയ ആശയപിശകുകളും തെറ്റിദ്ധാരണകളും ഈ കാലഘട്ടങ്ങളിൽ പല കുടുംബങ്ങളെയും കണ്ണീർകയത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. വീട്ടുകാർക്കും നാട്ടുകാർക്കും നിയമപാലകർക്കും നീതിന്യായ കോടതികൾക്കും സഹായിക്കാൻ കഴിയാതെ നോക്കുകുത്തികളായി മാറി നിൽക്കാനേസാധിക്കുന്നുള്ളു.**




# കുടുംബവും ദൈവവും നാമും

- **കുടുംബപ്രാർത്ഥന നിലനിർത്തുക**
- **ദൈവത്തിന് മുൻസ്ഥാനം നൽകുക**
- **ദൈവത്തിനുവേണ്ടി മാത്രം എല്ലാ ഇടങ്ങളിലും പ്രവർത്തിക്കുക**

ഈ കാലഘട്ടത്തിൽ മിക്ക ഭവനങ്ങളിലും പ്രാർത്ഥന കുറഞ്ഞു വരികയാണ്. പലരോടും കാരണം തിരക്കുമ്പോൾ പറയുന്നത് സമയമില്ലാത്ത കാരണമാണ്. എന്താണ് സമയം ഇല്ലാത്തത്? ഭൂമിയിൽ ജീവിക്കുന്ന എല്ലാ ജീവജലാചരങ്ങൾക്കും 24 മണിക്കൂർ ദൈവം നൽകിയിട്ടുണ്ട്. അവയെല്ലാം അവരവരുടെ കാര്യങ്ങൾ ഈ സമയത്തിനുള്ളിൽ ചെയ്യുന്നില്ലയോ? സമയം ഇല്ലാത്തതല്ല കാരണം സമയം തക്കത്തിൽ ഉപയോഗിക്കാൻ പലർക്കും കഴിയുന്നില്ല എന്നതാണ് സത്യം. നമ്മൾ ഓരോരുത്തരും സമാധാനമായി ചിന്തിച്ചാൽ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കാൻ സാധിക്കും. പ്രാർത്ഥനയെക്കാൾ പ്രാധാന്യം നമ്മളിൽ പലരും മറ്റുള്ള കാര്യങ്ങൾ ക്കാണ് നൽകുന്നതെങ്കിൽ തെറ്റിപ്പോയി. ദൈവത്തിന് ആദ്യസ്ഥാനം ഹൃദയത്തിൽ നൽകുക, എന്നിട്ടു മാത്രം കുടുംബത്തിനും, മറ്റുള്ളവർക്കും സ്ഥാനം നൽകുക.

എങ്കിൽ ഈ ലോകം മുഴുവൻ നമ്മളെ തള്ളിക്കളഞ്ഞാലും ദൈവം കൂടെയുണ്ടെങ്കിൽ നമുക്ക് ഒന്നും പേടിക്കേണ്ടതില്ല. ഈ ലോകം നൽകുന്ന സുഖങ്ങൾ ചില നിമിഷങ്ങൾ മാത്രമേ നീണ്ടു നിൽക്കയുള്ളു. നമുക്ക് വേണ്ടി യാഗമായി തീർന്ന യേശുക്രിസ്തുവിനെ എപ്പോഴും ഓർക്കുക. കുറച്ചു സമയം ദൈവത്തിനുവേണ്ടി മാത്രം മാറ്റിവയ്ക്കുക.

നമ്മൾ ആരും ചിന്തിക്കും പോലെയല്ല നമ്മുടെ ജീവിതം കടന്നുപോകുന്നത്. ദൈവത്തിന് നമ്മളെ ഓരോരുത്തരെപറ്റിയും ഓരോ പദ്ധതികൾ ഉണ്ട് എന്നത് എപ്പോഴും നാം മനസ്സിലാക്കണം. നമ്മൾ ചിന്തിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി ദൈവം ഓരോ ദിനവും നമ്മളെ കൊണ്ടുപോകുന്നുവല്ലോ. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ജീവിതത്തിൽ വരുമ്പോഴും നമ്മുടെ ദൈവത്തിലുള്ള വിശ്വാസത്തിൽ ഉറച്ചുനിൽക്കണം. ദൈവം ഏറെ ഇഷ്ടപ്പെടുന്നവർക്കാണ് പരീക്ഷണങ്ങൾ ഏറെ നൽകുന്നത്. ആ പരീക്ഷകളിൽ എല്ലാം വിജയിക്കുന്നവരാണ് യഥാർത്ഥ ദൈവപൈതൽ. നമ്മെ തകർക്കുവാനോ, നശിപ്പിക്കുവാനോ അല്ല ദൈവം പരീക്ഷകൾ നൽകുന്നത്. നമ്മളെ തകർക്കുവാൻ വേണ്ടി നമ്മുടെ കർത്താവായ യേശുക്രിസ്തു ഒന്നും ചെയ്യുകയില്ല. നമ്മുടെ കുടുംബജീവിതം നന്നായി മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ അതിന്റെ ഏറ്റവും വലിയ അടിസ്ഥാനം പ്രാർത്ഥനയായിരിക്കണം. നന്നായി എല്ലാവരും ഒരുമയോടെ പ്രാർത്ഥിക്കുക. കുടുംബപ്രാർത്ഥന നിലനിർത്തുക, ദൈവത്തിന് മുൻസ്ഥാനം നൽകുക, ദൈവത്തിനുവേണ്ടി മാത്രം എല്ലാ ഇടങ്ങളിലും പ്രവർത്തിക്കുക, ഒപ്പം സമൂഹത്തിലും നന്നായി പ്രവർത്തിക്കുക. ഇങ്ങനെയൊക്കെ ചെയ്താൽ കുടുംബവും സമൂഹവും നാം മുഖേന അനുഗ്രഹമായിത്തീരും. •



**ഷെറിൻ ഷേർളി സന്തോഷ്**



ജെ. പി. വെണ്ണിക്കുളം



# നല്ല തലമുറകളെ വാർത്തെടുക്കുക

**മാതാപിതാക്കളെ പാട്ടും പ്രാർത്ഥനയും നല്ലതു തന്നെ എന്നാൽ നിങ്ങളുടെ തലമുറയെക്കുറിച്ച് ഇനിയും ഒരു വീണ്ടുവിചാരത്തിന് തയ്യാറായില്ലെങ്കിൽ അവർ ദൈവത്താൽ യോജിക്കപ്പെടാത്തവരുമായി ജീവിതം തുടങ്ങും. ഇത് വായിച്ചില്ലെങ്കിലും മക്കളെ ഓർത്തു വിലപിക്കുമോ?**

സാങ്കേതിക വിദ്യയുടെ അതിപ്രസരം തലക്കുപിടിച്ചു ആരേയും കൂസാതെ സ്വന്തം ലോകത്തേക്ക് ഉൾവലിയുന്നവരായി ഇന്നത്തെ തലമുറ മാറിയിരിക്കുന്നു. സ്മാർട്ട് ഫോണും ഐപാഡും സോഷ്യൽ മീഡിയയും തുടങ്ങി ആപ്പിൽ വരെ എത്തി നിൽക്കുന്ന സ്മാർട്ട് തലമുറയാണ് ഇന്നുള്ളത്. സാങ്കേതിക സംവിധാനങ്ങളെക്കുറിച്ച് മാതാപിതാക്കൾക്ക് ഉള്ളതിലും എത്രയോ മടങ്ങ് അറിവാണ് ഇവർക്കുള്ളത്. ഇത് ശരിയെക്കാൾ തെറ്റിന് വേണ്ടി ഉപയോഗിക്കുന്നു എന്നതാണ് ഇന്നിന്റെ പ്രശ്നം.

തലമുറകളെല്ലാം വിശുദ്ധരാണെന്ന് പറയാൻ പ്രയാസമാണ്. അവരുടെ ഏതു ആവശ്യവും സാധിച്ചു കൊടുക്കാൻ മാതാപിതാക്കൾ റെഡി. പിന്നെ അവർക്ക് എന്ത് പേടിക്കാൻ? ചോദിക്കുന്നതെന്തും നാം കൊടുക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ അവരെ സ്മാർട്ട് ആക്കാൻ നാം തയ്യാറാവുകയല്ലേ? ഒരു നേരത്തെ അന്നത്തിന് വകയില്ലെങ്കിലും മക്കളുടെ നിർബന്ധത്തിന് വഴങ്ങാൻ മാതാപിതാക്കൾ തയ്യാറാണ്. കൈനിറയെ പണവും പിന്നെ കുറെ സുഹൃത്തുക്കളും ഉണ്ടെങ്കിൽ എല്ലാമായി എന്നവർ ചിന്തിക്കുന്നു. ചോദിക്കുന്ന പണം കിട്ടിയില്ലെങ്കിൽ എന്തു ചെയ്യണമെന്നു പോലും അവർക്ക് അറിയാം. മക്കൾ വല്ല കടുംകൈയ്യും അനുസരണമില്ലാത്തവരും ദൈവഭയം ഇല്ലാത്തവരുമായി വളരുന്ന തലമുറകൾ നാളെയുടെ ശാപമായി മാറുന്നുവോ?

പ്രായത്തിന്റെ ചോരത്തിളപ്പിൽ പലതും കാട്ടിക്കൂട്ടും. അതെല്ലാം കണ്ടില്ലെന്നു നടിക്കുന്നതിലൂടെ മാതാപിതാക്കൾ അവർക്ക് നൽകുന്ന സന്ദേശം എന്താണ്? ആർക്കും ആരെയും ചോദ്യം ചെയ്യാൻ പറ്റില്ല എന്നു വന്നിരിക്കുന്നു. ആക്രമണങ്ങളും കൊലപാതകങ്ങളും ലഹരി ഉപയോഗവും ലൈംഗിക അതിക്രമണങ്ങളും കൊണ്ടെത്തിക്കുന്നത് വികലമായ വ്യക്തിയായിട്ടാണ്.

സഭയിലും കുടുംബത്തിലും മാന്യതയുടെ വേഷം ധരിച്ചെത്തുന്ന തലമുറകളുടെ യഥാർത്ഥ മുഖം അറിയണമെങ്കിൽ പുറത്തേക്കിറങ്ങി ചോദിക്കണം. സഭയ്ക്കുള്ളിൽ സമയം ചിലവഴിക്കാൻ അവർക്ക് ഇന്ന് പല മാർഗ്ഗങ്ങളുണ്ട്. ഇതൊക്കെ ആര് ശ്രദ്ധിക്കാൻ. അവസരം കിട്ടിയാൽ എവിടെയും പടർന്നു കയറുന്ന ആൺ-പെൺ വ്യത്യാസമില്ലാത്ത ഇവർക്ക് ഉപദേശങ്ങളോട് അലർജിയാണ്. പ്രണയം നടിച്ചു യുവതികളുടെ മാനം കവരാൻ പോലും ഇന്നത്തെ തലമുറയ്ക്ക് മടിയില്ല. അതിനു വളംവച്ചു കൊടുക്കുന്നവർ കൂടിയായാൽ പിന്നത്തെ കാര്യം പറയണോ?

പെൺകുട്ടികളും മോശമല്ല, അലക്ഷ്യമായി വസ്ത്രം ധരിക്കുന്നതിലൂടെയും വഴിവിട്ട ബന്ധം കാംക്ഷിച്ചും ചെറുപ്പക്കാരെ വലയിലാക്കുന്നു. പാപത്തെ പരിശുദ്ധമാക്കാൻ ഇവരെ ബഹുമിടുക്കരാണ്. ഇങ്ങനെ ജീവിക്കുന്ന മറ്റാരെങ്കിലും സഭയിൽ ഉണ്ടെങ്കിൽ അവരായിരിക്കും റോൾ മോഡൽ. ഇത്തരം വഴിവിട്ട സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നത് ശരിയല്ല. അന്യ സംസ്ഥാനങ്ങളിൽ ഉപരിപഠനത്തിനും പോകുന്നവരും മോശമല്ല. ആരും കാണാത്തയിടത്ത് അഴിഞ്ഞാടി നടക്കാമല്ലോ? ചോദിയ്ക്കാൻ ആരും ഇല്ല. മെട്രോ നഗരങ്ങളെക്കെ ഇങ്ങനെയുള്ളവരെ കാത്തിരിക്കുകയാണ്. പണം കിട്ടാനായി ശരീരം വിൽക്കാൻ പോലും തയ്യാറാകുന്നവരുണ്ട്. ഒരു റൂമിൽ ഒന്നിച്ചു താമസിക്കുന്നത് ആരെന്നുപോലും മാതാപിതാക്കൾ അറിയുന്നില്ല. എല്ലാം തകർന്നവരായി നാട്ടിൽ എത്തുമ്പോഴേക്കും വീട്ടുകാരുടെ സ്വപ്നം തകർന്നിട്ടുണ്ടാവണം. പാശ്ചാത്യ സംസ്കാരത്തെ നമ്മുടെ രാജ്യത്തിൽ അപ്പാടെ പകർത്തുന്നത് ദോഷം ചെയ്യും. ചിലപ്പോൾ ചെയ്തുപോയ അപരാധം താങ്ങാനാവാതെ ജീവിതം അവസാനിപ്പിച്ചു എന്നു വരാം. ഇല്ലെങ്കിൽ മറ്റാരെങ്കിലും കൊന്നെന്നും വരാം. നരാധമന്മാരുടെ നീരാളിപ്പിടുത്തത്തിൽ നമ്മുടെ തലമുറകൾ അകപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. അടുത്തയിടെ ഒരേസമയം ഒന്നിൽ അധികം കാമുകന്മാരുമായി കിടക്ക പങ്കിട്ട് ഒടുവിൽ ഗർഭം അലസിപ്പിക്കാൻ പണമില്ലാതെ വന്നപ്പോൾ ജീവൻ ഒടുക്കിയ ഒരു പെൺകുട്ടിയുടെ ചിത്രമാണ് മനസ് നിറയെ. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

മാതാപിതാക്കളെ പാട്ടും പ്രാർത്ഥനയും നല്ലതു തന്നെ എന്നാൽ നിങ്ങളുടെ തലമുറയെക്കുറിച്ച് ഇനിയും ഒരു വീണ്ടുവിചാരത്തിന് തയ്യാറായില്ലെങ്കിൽ അവർ ദൈവത്താൽ യോജിക്കപ്പെടാത്തവരുമായി ജീവിതം തുടങ്ങും. ഇത് വായിച്ചില്ലെങ്കിലും മക്കളെ ഓർത്തു വിലപിക്കുമോ? അവർക്ക് നിങ്ങൾ മാതൃകയാകുമോ? എപ്പോൾ വേണമെങ്കിലും കൊത്തിക്കൊണ്ടു പോകാൻ കഴുകൻ കണ്ണുകൾ അവർക്ക് ചുറ്റും ഉണ്ട്. നഷ്ടപ്പെട്ടിട്ടു പിന്നെ വിലപിച്ചിട്ടു കാര്യമില്ല. വളർത്തി വലുതാക്കിയ മാതാപിതാക്കളെ ചതിക്കരുതേ മക്കളെ!

മക്കളെ നടക്കേണ്ടുന്ന വഴിയിൽ അഭ്യസിപ്പിക്കുന്നതിനു പകരം ദൈവഭയമില്ലാത്തവരാക്കി മാറ്റരുതേ മാതാപിതാക്കളെ! മക്കളെ ഒന്നു ശ്രദ്ധിക്കണേ! •

Landway *Health Tips*

# ഈന്തപ്പഴം കഴിക്കുന്നതിന്റെ ഗുണങ്ങൾ

ഈന്തപ്പഴമെന്ന് പറയുന്നത് സമ്പുഷ്ടമായ ആഹാരവും അയൺ അടങ്ങിയതുമാണ്. ഇതിന് പാർശ്വഫലങ്ങളൊന്നും തന്നെയില്ല. അന്യനാടുകളിൽ ധാരാളമായി കണ്ടുവരുന്ന ഈ ഫലം അനേകം രോഗങ്ങൾക്ക് ശാശ്വത പ്രതിവിധിയായി കണക്കാക്കുന്നു. ശരീരത്തിന്റെ ഉന്മേഷത്തിന് ഈന്തപ്പഴത്തോടൊപ്പം തേയിലച്ചായയും കൂടി കഴിക്കുന്നത് വളരെ നല്ലതാണ്. കഴിയുമെങ്കിൽ ഒരു ദിവസം 10 എണ്ണം കഴിച്ചാൽ വളരെ നല്ലതായിരിക്കുമെന്ന് വൈദ്യശാസ്ത്രം പറയപ്പെടുന്നു. ഇതിന്റെ ഗുണത്തെക്കുറിച്ച് ചിലകാര്യങ്ങൾ ശ്രദ്ധിക്കുക.

## കൊളസ്ട്രോൾ

കൊളസ്ട്രോളിന്റെ കൊഴുപ്പ് നശിപ്പിക്കുവാൻ ഇവ നല്ലതാണ് എന്ന് പറയപ്പെടുന്നു. കൊഴുപ്പ് കൂടുമ്പോഴാണ് ശരീരത്തിന് കൊളസ്ട്രോൾ കൂടുന്നതും പിന്നെ ആപത്തിലേക്ക് മനുഷ്യനെ നയിക്കുന്നതും. അതിനാൽ ഈന്തപ്പഴം ക്രമമായി കഴിക്കുന്നത് ശരീരത്തിന് നല്ലതാണ്. എല്ലാ വൈറ്റമിനുകളും ഈ ഫലത്തിൽ അടങ്ങിയിട്ടുണ്ട് എന്ന് വൈദ്യശാസ്ത്രം തെളിവ് നൽകുന്നു.

## ഹൃദയത്തിലെ അസുഖങ്ങൾക്ക്

ഹൃദയത്തിലെ അസുഖങ്ങൾക്കും നാഡിവ്യവസ്ഥകൾക്കും പൊട്ടാസ്യം ധാരാളം വേണമെന്നുള്ളതിനാൽ ഈന്തപ്പഴം കഴിച്ചാൽ വളരെ ആശ്വാസമായിരിക്കും. ഹൃദയത്തിന്റെ രക്തഓട്ടം ക്രമീകരിക്കാനും സ്പന്ദനത്തിനും ശ്വാസ തടസത്തിനും ഇവ വളരെ പ്രധാനം ചെയ്യുന്നു. തളർച്ചയിൽ നിന്നും മോചനം നേടാൻ ഇവ തേയിലച്ചായയിൽ ഉപയോഗിക്കുന്നത് അത്യുത്തമം.



## മലബന്ധത്തിന് ആശ്വാസം

പലരിലും കാണപ്പെടുന്ന മലബന്ധമായ അസുഖത്തിന് ഈന്തപ്പഴം കഴിച്ചാൽ പൂർണ്ണ പ്രതിവിധി ലഭിക്കും. നാരുകൾ ധാരാളം അടങ്ങിയതിനാൽ വൈറ്റമിനുകളായ ആ1, ആ2, ആ3, ആ5 തുടങ്ങിയവയെല്ലാം ഇതിൽ കാണാവുന്നതാണ്.

## തൂക്കക്കുറവിന്

ശരീരത്തിന്റെ തൂക്കകുറവിന് ഇവ 10 എണ്ണം വച്ച് സ്ഥിരമായി കഴിച്ചാലും വെള്ളത്തിൽ കുതിർത്ത് കഴിച്ചാലും നല്ലതാണ് എന്ന് പറയപ്പെടുന്നു.

## ലൈംഗിക പ്രശ്നങ്ങൾക്ക്

ശാരീരിക പ്രശ്നങ്ങളിലും ലൈംഗിക പ്രശ്നങ്ങളിലും വളരെ നല്ല മാറ്റങ്ങൾ ഇത് കഴിക്കുന്നത് മുഖേന സംഭവിക്കുന്നതായി റിപ്പോർട്ടുകൾ തെളിവ് നൽകുന്നു.

രാത്രിയും രാവിലെയും ആട്ടിൻപാലിൽ കുതിർത്ത് കഴിച്ചാൽ വളരെ ഉത്തമം.

## അസിഡിറ്റിക്ക്

വയറിലെ തണുപ്പിനും പുളിച്ചുതികട്ടലിനും വായിലെ ആസിഡ് പോലുള്ള വിഷയങ്ങൾക്കും ഈന്തപ്പഴം ക്രമമായി കഴിച്ചാൽ പരിഹാരം ലഭിക്കും.

## പല്ലിനും എല്ലിനും

ധാരാളം മഗ്നീഷ്യം അടങ്ങിയിരിക്കുന്നതിനാൽ പല്ലിനും എല്ലിനും വളരെ ഉത്തമമാണ്.

## ചർമ്മത്തിന്

വൈറ്റമിനുകൾ, പ്രോട്ടീൻ, കാൽസ്യം, ഫോസ്ഫ്രസ് വലിച്ചെടുക്കാൻ ഉള്ള ശക്തി ചർമ്മത്തിന് മൃദുത്വവും തുടിപ്പും, ഭംഗിയും വർദ്ധിക്കുന്നു. ചർമ്മത്തിലെ ചുളിവുകൾ മാറുകയും ചെയ്യുന്നു. ഡേറ്റ് ഓയിൽ കൊണ്ട് ശരീരം മസാജ് ചെയ്യുന്നത് വളരെ നല്ലതാണ്.

# The Power that Build a person and Church



When we say God is omnipotent, we denote the all-powerful God who created and maintains everything in this universe. Power is the special and distinctive prerogative of God, and God alone. Power belongs to God. God is God: and power belongs to him. This exclusive prerogative of God is to be found in each of the three persons of the glorious Trinity. The Father has power: for at his word the heavens were made, and by his strength all things continue, and through him they fulfill their destiny. The Son has power: for like his Father, he is the Creator of all things; "Without him nothing was made that has been made" [John 1:3], and "in him all things hold together" [Colossians 1:17]. And the Holy Spirit has power.

Which is the power that builds a person and church? It is none other than the power of the Holy Spirit. The strengthening of the Holy Spirit is needed for the spirit of man to control the soul and body of man. We could see a wonderful prayer of Apostle Paul in Ephesians 3:16 "That He would grant you, according to the riches of His glory, to be strengthened with power through His Spirit into the inner man." As we know, every man has body, spirit and soul. He asked God to strengthen the believer's inner man through His Spirit. The "inner man" is the believer's new man, which the believer has only after believing in the Lord. Therefore, this is the spirit of the believer, the regenerated spirit. The prayer of the apostle is for the spirit of the believer to be strengthened by the Holy Spirit so that it can become strong.

In order to lead a successful Christian life, we need the special power of Holy Spirit. It is true that Holy Spirit starts dwelling in a person. A person is saved when he receives rebirth and justification through faith in Christ. (Eph.2:8) But he grows in spiritual life into the image of Jesus Christ by Word of God and power of Holy Spirit. Holy Spirit gives a new life to a person who receives Jesus Christ as his Saviour and Lord. A revolutionary transformation happens in a person due to the work of Holy Spirit. However a person has to receive the infilling of Holy Spirit to overcome temptations of this world.

Jesus Christ empowers the disciples with Holy Spirit power. He instructed them to remain in Jerusalem to receive the power of Holy Spirit. 'But you will receive power when the Holy Spirit has come upon you; and you shall be My witnesses both in Jerusalem, and in all Judea and Samaria, and even to the remotest part of the earth."( Acts 1:8) The Holy Spirit is the source of Power. The word used in Greek for power is 'dunamis' meaning ' dynamite' which can shatter even rocks. The power of Holy Spirit descended upon disciples in the first century is still outpours on believers to strengthen them to work for the kingdom of God.



**Duglas Joseph**

In Acts 2 we read of the fulfilment of the promise that the Holy Spirit would come to Jesus' followers: "When the Day of Pentecost had fully come, they were all with one accord in one place … And they were all filled with the Holy Spirit …" (Acts 2:1-4). . If the spirit is strong, then a person can manage the most confused situations in a calm and composed manner. Prayer is the greatest test of the spirit's strength. Those whose spirits are strong can pray much and will not quit before the prayer is answered. Those whose spirits are weak will find it difficult to petition God for several years or several decades without being tired and discouraged.

Early century church growth was the result of spirit filled preaching of Apostles. In order to witness Christ, believers and church requires the empowering of Holy Spirit. Money, human resources, skills, intelligence and political support cannot build the spiritual life of believers or planting of churches. Holy Spirit helps to overcome obstacles in the way of the people of God. The Holy Spirit abides with us, lead us, teaches us and Strengthens us.2 Timothy 1:7-8 says 'For God has not given us a spirit of timidity, but of power and love and discipline. Therefore do not be ashamed of the testimony of our Lord or of me His prisoner, but join with me in suffering for the gospel according to the power of God''.

**The life of Christian is similar to the life of a soldier. He has to be vigilant and alert to combat the tactics of the enemy. People of God are in a battlefield**

The life of Christian is similar to the life of a soldier. He has to be vigilant and alert to combat the tactics of the enemy. People of God are in a battlefield. But unlike the worldly war, a believer is not fighting with flesh and blood. Our enemy is none other than Satan who reigns the kingdom of darkness. Holy Spirit empowered

(See Next - Page 6)

## TARIKU ALEMU LAND WAY NEWSPAPER CO-ORDINATOR IN ETHIOPIA



Tariku Alemu has been appointed as the co-ordinator of Land way Newspaper in Ethiopia. Tariku is the pastor of Heaven Way International Church in Addis Ababa, Ethiopia. He will be co-ordinating Land Way Newspaper subscription, circulation and advertisement related activities in Ethiopia. Land way Newspaper Chief Editor Pastor Santhosh Pandalam announced the appointment of Pastor Tariku at the Exousia 2016 International Leaders Conference held in Bangkok, Thailand. Those who wish to avail Land way News can contact Pastor Tariku email: taralemu@gmail.com, Mob. +251911620426.

HIC
HARVEST
INTERNATIONAL CHURCH
PARTNERING WITH CITY REACH.
PHILADELPHIA PA USA
Worships in Indian languages and English Service
Worship Timings:
SUNDAY MEETING: 11.00 AM TO 1.00 PM
COTTAGE MEETINGS: TUESDAY & FRIDAY 6.30PM - 8.00PM
Come and worship with us
Address:
808 Redlion Rd, Philadelphia PA 19115
PASTOR MATHEW JAMES
Cell : +1 267 400 6334
Email: harvestphil@gmail.com




# LANDWAY NEWS AT EXOUSIA 2016 IN THAILAND



*Pr. Santhosh Pandalam, Chief Editor of Landway Newspaper speaking to the delegates at Exousia 2016.*



*Landway Team with Rev. John Samuel President of Harvest International Church, U.S.A.*

Landway Newspaper Chief Editor Pastor Santhosh Pandalam, Editor Sherly Santhosh, U.A.E reporter Br. Duglas Joseph and Advisory board member Pastor Godwin Trivandrum attended the Exousia 2016 an International leader's conference held at Bangkok, Thailand organised by Harvest International Church,U.S.A. Pastor Santosh addressed the delegates and outlined the media policy of Land way. He stated that Land Way Newspaper upholds Christ as a saviour and redeemer. Being a Pentecostal Newspaper, Land Way strives to promote the ministry work of various churches and missionaries around the world. Newspaper is available in PDF and print formats to readers. He seeks the cooperation and patronage of believers for the tireless efforts of Land Way in serving the missions and its functionaries.

## RECEIVE THE POWER FROM ABOVE: SPEECH BY DUGLAS



Landway Newspaper U.A.E reporter Duglas was the guest speaker at the first day of Exousia 2016, International Leaders Conference in Bangkok, Thailand organised by the Harvest Church International, U.S.A. He spoke on the topic '' The Power that builds a person and church''. He pointed out that, God's Spirit is the source of divine revelation, the power by which human beings can understand and grasp spiritual concepts and principles mentioned in God's Word. He tells that God's Spirit indeed plays a vital role in our lives. It dwells within Christians, allowing a miraculous transformation to take place. He stressed the importance of realising the weakness of human spirit. We should pray for the Holy Spirit to fill our spirit with power; being filled with power in the spirit is the need of the believer.

## ASIA

# GREAT REVIVAL AT EXOUSIA 2016 IN THAILAND



Exousia 2016 an International Leaders Conference organised by Harvest International Church, U.S.A came to an end in Bangkok, Thailand. Y.W.C.A Bangkok was the venue of the conference. The 3 day conference created a great revival, when the delegates from twelve countries engaged in a powerful praise and worship session. Rev. Brian (U.S.A), Rev. John Samuel (U.S.A) Rev. Abraham John (U.S.A) Rev. George Braid (New Zealand) Rev.Nitson Varghese (India),Rev. Santosh Kumar (India) Rev. Shibu G. Abraham (India), Rev. Anish Oommen (India), Br. Duglas Joseph (India) and Rev. Jayan (India) addressed the delegates on various topics. The main theme of the conference was 'The power of Holy Spirit''. Rev. Lijoy led the praise and worship. Powerful messages, praise and worship, ordination, testimonies and group discussion were held in various sessions.

## Latin America

# Not the Europe we expected

After many agonising journeys, the mostly East African migrants find themselves in limbo. Local leaders, fed up with the sordid eyesore looming over Gare du Nord train station, are calling for the migrants to be moved as early as next month to more decent shelter. But trapped between French bureaucracy and politics, the bridge-dwellers simply have nowhere else to go.

On site, many migrants say this was not the Europe they expected. They lament the loud



rumble of subway trains, the stench of urine and how "even in Africa" they didn't have to sleep outdoors. They say they were better fed, clothed and housed in countries like Italy which is far more burdened by the migrant inflows than France.

## AFRICA

# Ebola neglected: Ex-UN head Annan

Wealthy countries were slow to tackle the Ebola epidemic as it began in Africa, former United Nations secretary general Kofi Annan has said in tough criticism of the response to the crisis.

"I am bitterly disappointed by the response… I am disappointed in the international community for not moving faster," Annan told the flagship BBC programme Newsnight on Thursday.

"If the crisis had hit some other region it probably would have been handled very differently. In fact when you look at the evolution of the crisis, the international community really woke up when the disease got to America and Europe."

The Ghanaian diplomat, who led the United Nations for a decade until 2006, said it should have been clear that the spread of the virus from its epicentre in western Africa to countries overseas was only a matter of time.

വിസിറ്റിംഗ് വിസ

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്കറ്റ്, ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണെ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്കും സമീപിക്കുക

GLOBAL CARE TRAVEL SERVICES ESTD 1998

2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com

(ഭാഗം 2 )

# തെറ്റിലേക്ക് തെന്നിവീഴുന്ന യുവതലമുറകൾ

**ബിജി കോശി, അബുദബി**

സമൂഹത്തിലേക്ക് കണ്ണോടിച്ചാൽ ചില കാര്യങ്ങൾ നമുക്ക് വ്യക്തമായി മനസിലാക്കാൻ കഴിയും. ചില യൗവ്വനക്കാർ സ്നേഹത്തിന് വേണ്ടിയുള്ള നെട്ടോട്ടമാണ്. ഒരു പരിധിവരെ ഇതിന് കാരണം മാതാപിതാക്കളും ബന്ധുക്കളും തന്നെയാണ്. ഞങ്ങൾ ചിലരുമായി ആശയവിനിമയം നടത്തുമ്പോഴും സംവാദങ്ങളിൽ ഏർപ്പെടുമ്പോഴും ഞങ്ങൾക്ക് കാണാൻ കഴിയുന്നത് പലരും സ്നേഹത്തിന് വേണ്ടി മറ്റ് സ്ഥലങ്ങൾ തേടുന്നു. ചിലരൊക്കെ മറ്റ് സ്ഥലങ്ങളിൽ ചേക്കേറുന്നതായി മനസിലാക്കുന്നു. വിവാഹം കഴിച്ചവരും ഈ വിധ കാര്യങ്ങളിൽ ഒട്ടും പിന്നിലല്ലെന്നതാണ് സത്യം.



നമ്മുടെ കുഞ്ഞുങ്ങളെ നാം സ്നേഹിക്കുന്നുവെന്ന് അവർക്ക് ബോധ്യം വരത്തക്കവിധത്തിൽ അവരുമായി ഇടപഴകണം. അവരുടെ ഭാവിയെക്കുറിച്ച് വ്യക്തമായി സംസാരിക്കുകയും പോസിറ്റീവ് ആയി പറഞ്ഞു മനസിലാക്കുകയും ചെയ്യണം. അല്ലാതെ മക്കളെ എപ്പോഴും ശപിക്കുകയും ശാസിക്കുകയും ചെയ്യാതെ കാര്യഗൗരവങ്ങൾ തനതായ ഭാഷയിൽ പറയുന്നതാണ് അത്യുത്തമം.

പെൺകുട്ടികളോട് മാതാപിതാക്കൾ തുറന്ന് പറയണം നിനക്ക് 18 വയസിനും 25 വയസിനും ഇടയ്ക്ക് വിവാഹം നടക്കും. മാത്രമല്ല നിന്നെ നല്ലൊരു ഭാവിയിൽ ഞങ്ങൾ കൊണ്ടെത്തിക്കും എന്ന് ഇടയ്ക്കിടെ ഓർമ്മിപ്പിക്കുന്നത് നല്ലതായിരിക്കും. അപ്പോൾ കുട്ടികൾ മാതാപിതാക്കളെ ബഹുമാനിക്കുകയും തങ്ങളെക്കുറിച്ച് ചിന്തിക്കുന്നു എന്ന് ബോധ്യം വരുമ്പോൾ അച്ചടക്കത്തിൽ ജീവിതം നയിക്കുകയും ചെയ്യും. ഇതാണ് നമ്മുടെ യൗവ്വനക്കാരോട് ഈ കാലഘട്ടങ്ങളിൽ പറയേണ്ടത്. കാലഘട്ടങ്ങൾ അനുസരിച്ച് വിഷയങ്ങളെ വിശകലനം ചെയ്യുന്ന മാതാപിതാക്കളും മക്കളുമായിരിക്കണം എന്ന് എല്ലാവരും ഓർക്കുന്നത് നല്ലതാണ്.

ഒരു കുട്ടിയുടെ ഉന്നതപഠനത്തിന് 5 വർഷമെങ്കിലും എടുക്കും. പിന്നെ പ്രവർത്തിപരിചയത്തിന് ഏകദേശം 2 വർഷവും അങ്ങനെ (5+2=7) വർഷമാകും. ആയതിനാൽ 25–ാമത്തെ വയസിൽ വിവാഹത്തിന് നല്ല സമയം തന്നെയാണ്. മുൻകൂട്ടി ചിന്തിച്ച് പ്രവർത്തിച്ചാൽ അവസാനത്തിൽ ദുഃഖിക്കേണ്ടി വരികയില്ല. പണ്ടുള്ളവർ പറഞ്ഞത് പോലെ 'ഓടുന്ന പട്ടിക്ക് ഒരുമുഴം മുമ്പേ എറിയുക'.

ഇങ്ങനെ ചെയ്യുമ്പോൾ വിവാഹം കെട്ടുറപ്പുള്ളതും പക്വതയുള്ളതുമായിത്തീരും. അഥവാ മുകളിൽ പറഞ്ഞ വയസുവരെ നിൽക്കുവാൻ മനസില്ലാത്തവരെ മുന്നേ കെട്ടിച്ചുവിടുകയും കെട്ടാൻ അനുവദിക്കുകയും ചെയ്യണം. ആരേയും നിർബന്ധിച്ച് ഒരു കാര്യവും ചെയ്യുവാൻ പ്രേരിപ്പിക്കരുത്. 'തല്ലിപ്പഴുപ്പിച്ചാൽ പഴമാകുകയില്ല. മറിച്ച് താനേ പഴുത്താൽ രുചിയുള്ളതായി മാറും'

നമ്മുടെ മക്കൾ മറ്റ് സ്ഥലങ്ങളിൽ പഠനാവശ്യങ്ങൾക്കായി ദീർഘകാലം താമസിക്കുന്നു. ചില മാതാപിതാക്കൾക്ക് യാതൊരു നിയന്ത്രണവും മക്കളിൽ ഇല്ലാതെ മക്കൾ തോന്നിയതുപോലെ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്ന് അറിയാതെയിരിക്കരുത്. മക്കൾ അറിയുന്നില്ല മാതാപിതാക്കൾ കഷ്ടപ്പെടുന്നത്. പല മാതാപിതാക്കളും അന്യരാജ്യങ്ങളിൽ കൂലിപ്പണിയെക്കാളും തരംതാണ രീതിയിലുള്ള ജോലി ചെയ്താണ് മക്കളെ വളർത്തുന്നതെന്ന് തള്ളിക്കളയാൻ പറ്റാത്ത സത്യമാണ്.

നാട് വിട്ട് പഠനങ്ങൾക്ക് പോകുന്ന ചില കുട്ടികൾ അവരുടേതായ സ്വന്ത ലോകത്തിലേക്ക് പറക്കുവാൻ മോഹം ഉണ്ടായെന്ന് വന്നേക്കാം. എന്നാൽ വിവാഹത്തിന് ശേഷമുള്ള പഠനമാണെങ്കിൽ തങ്ങളുടെ ഭാവിക്കെന്ന ചിന്തയിൽ പഠിക്കുകയും നിശ്ചിത സ്ഥാനത്ത് എത്തി ഉന്നത വിജയം കൈവരിക്കാനും ഉതകും.

### വിദ്യാർത്ഥികൾ ആരേയും അന്ധമായി വിശ്വസിക്കരുത്

മിക്ക മക്കളും അന്ധമായി എല്ലാം വിശ്വസിക്കുന്നവരാണ്. മാതാപിതാക്കൾ അനുഭവിച്ച വേദനകൾ മക്കൾ അതിന്റേതായ രീതിയിൽ മനസിലാക്കുവാൻ കഴിയാത്തതിനാൽ നമ്മുടെ മക്കൾ എല്ലാവരേയും അന്ധമായി വിശ്വസിക്കാൻ സാധ്യതയുണ്ട്. ശ്രദ്ധിക്കുക! ഒരാളുടെ പേര് നാം ചോദിച്ചാൽ അയാളുടെ ചുരുക്കപേര് മാത്രം കേട്ട് തൃപ്തിപ്രാപിക്കരുത്. അറിയാത്ത അപരിചിതർ വലയിൽ വീഴ്ത്തുവാൻ കള്ളപേരുകൾ പറഞ്ഞു പ്രത്യേകാൽ പെൺകുട്ടികളെ വലയിൽ ആക്കാൻ ശ്രമിക്കുന്ന കാലമാണ് ഇത് എന്ന് മറന്നു പോകരുതേ.

പല ഇടങ്ങളിലും ക്ലീൻഷേവുമായി വ്യത്യസ്ത ഭാഷയുമായി മാന്യന്മാരെന്ന് നടക്കുന്ന അപകട കെണികൾ കറങ്ങി നടക്കുന്നുവെന്ന് മറന്നു പോകരുതേ. ഇതൊന്നും ആദ്യമായിട്ട് നമ്മുടെ സമൂഹത്തിൽ നടക്കുന്ന കാര്യമല്ല. മറിച്ച് അന്നും ഇന്നും ഇതെല്ലാം കാണാവുന്നതാണ്.

ദൈവത്തിന്റെ വചനം പഠിപ്പിക്കുന്നു 2 കൊരിന്ത്യർ 6: 14 ൽ 'നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാ പിണ കൂടരുത്. നീതിയും അധഃർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച, വെളിച്ചത്തിനും ഇരുളിനും എന്തൊരു കൂട്ടായ്മ?

മനസിലാക്കുക, ദൈവം നിങ്ങളോട് പിതാവ് ആയിരിക്കുമ്പോൾ തന്നെ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമാണ് നിങ്ങൾ. വേണ്ടവിധത്തിൽ ദൈവവുമായി ബന്ധം പുലർത്തിയില്ലെങ്കിൽ ദൈവത്തിന് നിങ്ങളെ യാതൊരു വിധത്തിലും സഹായിക്കാൻ കഴിയുകയില്ലയെന്ന മുന്നറിയിപ്പോടെ ഈ ലേഖനം പര്യവസാനിപ്പിക്കട്ടെ. •

# സുവിശേഷ സന്ദേശയാത്ര



കരിയംപ്ലാവ്: ഡബ്ല്യു. എം. ഇ., സണ്ടേസ്കൂൾ മിനിസ്ട്രി, യൂത്ത് ഫെല്ലോഷിപ്പ് ഇവാൻഞ്ചലിസം ബോർഡ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സെപ്റ്റംബർ 11 മുതൽ 13 വരെ സുവിശേഷസന്ദേശയാത്ര നടത്തി. പത്തനംതിട്ട, കൊല്ലം ജില്ലകളിലെ അടൂർ, പുനലൂർ, പത്തനാപുരം, കോന്നി, മാങ്കോട്, വാര്യാപുരം തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സുവിശേഷ പ്രവർത്തനങ്ങൾ നടന്നു. ഫിലിംഷോ, പരസ്യയോഗം, മിനിക്രൂസേഡ്, ഭവനസന്ദർശനം എന്നിവ വിവിധ പ്രദേശങ്ങളിൽ നടത്തപ്പെട്ടു. 11 ന് ആരംഭിച്ച സുവിശേഷ സന്ദേശയാത്ര ഡബ്ല്യു.എം.ഇ ജനറൽ പ്രസിഡന്റ് റവ.ഒ.എം. രാജുക്കുട്ടി ഫ്ളാഗ് ഓഫ് ചെയ്തു. മദ്യം-മയക്കുമരുന്ന്-തീവ്രവാദം എന്നീ സാമൂഹിക വിപത്തുകൾക്ക് എതിരെയുള്ള ബോധവത്ക്കരണവും നിർമ്മല സുവിശേഷസത്യങ്ങൾ പ്രചരിപ്പിക്കുക, ക്രിസ്തുദർശനത്തിന്റെ മാഹാത്മ്യം സമൂഹത്തിന് പകർന്നു നൽകുക എന്നതായിരുന്നു സുവിശേഷ സന്ദേശയാത്രയുടെ ലക്ഷ്യമെന്ന് ജനറൽ കൺവീനർമാരായ പാ. സി. പി. ഐസക്, സതീഷ് തങ്കച്ചൻ എന്നിവർ അറിയിച്ചു.

സുവിശേഷ സന്ദേശയാത്രയുടെ വിവിധ പര്യടന കേന്ദ്രങ്ങളിൽ ഡോ. എം. കെ. സുരേഷ്, നിബു അലക്സാണ്ടർ, രാജൻ മാത്യു പാസ്റ്റർമാരായ സി. ജെ. മത്തായി, ബിജു ഫിലിപ്പ്, സജി ചെറിയാൻ, ജിനേഷ് ബേബി, ഇ.റ്റി. മാത്യു, പി.റ്റി. യോഹന്നാൻ, ഇ.കെ. ബേബി, പി. റ്റി. മാത്യു, ജാൻസൺ ജോസഫ്, ബിനോയി റ്റി.എം, വി.ജെ. സാംകുട്ടി എന്നിവർ പ്രസംഗിച്ചു. പാ.റ ജികുമാർ, ഷിജോ എം.കെ, സാം പി. സജി എന്നിവരുടെ നേതൃത്വത്തിൽ സെലസ്റ്റ്യൽ റിഥം ബാൻഡ് സംഗീതശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. യൂത്ത് ഫെല്ലോഷിപ്പ് പത്തനംതിട്ട ജില്ലാ ഓർഗനൈസർ വിനു മാനുവേൽ സണ്ടേസ്കൂൾ കോ-ഓർഡിനേറ്റർ ജിതിൻ ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ സബ്കമ്മിറ്റികൾ പ്രവർത്തിച്ചു.

## The Power that Build a person and Church (From Page 4)

us to meet the enemy in the war field of life.

Power to plant, power to germinate, power to birth, power to grow is not in our strength. It is in the power of Holy Spirit. We could in the Word of God, the great power that worked in Apostles which enabled them to build the foundation of early churches spanning continents. Peter had a new Power when he preached: Peter, full of the Holy Spirit answered them... (Acts 4:8.) Peter and John had a new power when they stood boldly facing opposition. For we cannot stop speaking of what we ourselves have seen and heard. Acts 4:20. The apostles had new power when sharing their faith, 'With great power the apostles gave witness to the resurrection of the Lord Jesus, and God poured out rich blessings on them all'' (Acts 4:33). The secret of all church growth is found in the following Scripture. And so it was that the church throughout Judea, Galilee, and Samaria had a time of peace. Through the help of the Holy Spirit it was strengthened and grew in numbers, as it lived in reverence for the Lord. (Acts 9:31) Holy Spirit guides in the sowing, in the birthing, and in the growth of the church.

In short, Holy Spirit enables us to witness Christ, lead successful Christian life and defeat the tactics of Satan. The aim of the devil is to deviate us from the goal of eternity. Devil strives to pull us towards the carnal pleasures of the world. In order to focus the ultimate destination of eternity, the power of Holy Spirit is required. Recent persecutions faced by people of God and Churches points to the desperate attempt of Satan to block the gospel work. Only those who really have power in the spirit will know how to exercise the power of the spirit to resist and attack the enemy. •

*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE
Visual media
09447255475, 09447370979



Wedding Photography & Video Graphy
Direction: HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

പാട്ടിന്റെ വഴി

# പാരിച്ച ദുഃഖത്താൽ പോരാട്ടമാകിലും: കെ. വി. ജോസഫ്

തൃശൂർ ജില്ലയിൽ കുന്നംകുളത്തിനു സമീപം കാട്ടാകാമ്പൽ എന്ന സ്ഥലത്ത് ഒരു യാക്കോബായ കുടുംബത്തിൽ 1920 – ൽ ജോസഫ് ജനിച്ചു. സാമ്പത്തിക ഭദ്രതയുള്ള കുടുംബത്തിലെ അംഗമായിരുന്ന ജോസഫ് ഇട്ട്യേർ എന്ന ചെല്ലപ്പേരിൽ അറിയപ്പെട്ടു. ജോലിയ്ക്കായി സിംഗപ്പൂരിൽ കടന്നുപോയി അവിടെ വച്ച് യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. ചില നാളുകൾക്കു ശേഷം ജോലിയുപേക്ഷിച്ചു. 1948 മുതൽ കുന്നംകുളം കേന്ദ്രമാക്കി കേരളത്തിന്റെ വടക്കൻ മേഖലകളിൽ സുവിശേഷവേല ആരംഭിച്ചു.

പി. വി. ചുമ്മാർ, പി. ഐ. ചുമ്മാർ എന്നിവർ സഹപ്രവർത്തകരായിരുന്നു. സ്ഥലമോ, സ്ഥാപനങ്ങളോ ഒരു വീടുപോലുമോ സ്വന്തം പേരിൽ ഉണ്ടായിരുന്നില്ല. പഴഞ്ഞി യെരുശലേം അങ്ങാടിയിൽ ഒരു സങ്കേതം സ്ഥാപിച്ചു. സഹപ്രവർത്തകനായ മറ്റൊരാളിന്റെ പേരിൽ ആധാരം എഴുതിയിരുന്നതിനാൽ ഇപ്പോൾ ആ കുടുംബത്തിന്റെ മേൽനോട്ടത്തിൽ ക്രിസ്തീയ പ്രവർത്തനങ്ങൾക്കുമാത്രം ആ സ്ഥാപനം ഉപയോഗിക്കുന്നു. ക്യാമ്പുകൾ, കൺവൻഷനുകൾ, ബൈബിൾ ക്ലാസ്സുകൾ തുടങ്ങിയ എല്ലാ മീറ്റിംഗുകൾക്കായും വേർതിരിച്ചി രിക്കുന്നു. പ്രാരംഭ കാലം ടിപിഎം വിശ്വാസത്തിൽ ആയിരുന്നു. അവിടെ നിന്നു മാറി ''അപ്പോസ്തോലിക് ഫെയ്ത്ത് മിഷൻ'' എന്ന സഭ രൂപീകരിച്ചു. ആരാധനാലയങ്ങൾ 'പ്രയർ ചേമ്പർ' എന്ന പേരിലും അറിയപ്പെട്ടിരുന്നു.

ദൈവിക രോഗശാന്തിയിൽ അന്ത്യംവരെ നിലനിന്ന ഇട്ട്യേർ ചെരിപ്പ് ഇടുകയോ, വാച്ച് കെട്ടുകയോ ചെയ്തിരുന്നില്ല. സമൂഹത്തിലെ മാന്യതയും, അംഗീകാരവും മൂലം സഹപ്രവർത്തകരിൽ ഉളവാക്കിയ അസൂയകൊണ്ടാകാം അവാസ്ഥവമായ ചില ആരോപണങ്ങൾ ജോസഫ് ഉപദേശിക്ക് നേരെ ഉന്നയിച്ച് തന്നോടൊപ്പമുള്ള കൂട്ടായ്മ വിട്ടുപോയി. ആ സംഭവം ഉപദേശിയെ വളരെ വേദനിപ്പിച്ചു. ദൈവസന്നിധിയിൽ ആ ദൈവഭൃത്യൻ മുട്ടുകുത്തി പ്രാർത്ഥിച്ചു. എന്റെ പ്രാണസ്നേഹിതൻപോലും എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു എന്നവചനം ഓർത്ത് കർത്താവിനെ ഒറ്റിക്കൊടുത്ത ശിഷ്യനും, തള്ളിപ്പറഞ്ഞ ശിഷ്യനും കർത്താവിനെ വിട്ട് ഓടിപ്പോയവരും എല്ലാം ഹൃദയഭിത്തിയിൽ തെളിഞ്ഞുവന്നു.

ആ യേശുവിനോടുകൂടെയുള്ള വാസവും സന്തോഷവും ഓർത്തു. ഈ ലോകത്തിൽ ഒന്നും കാണാതെ വിശ്വാസത്തോടെ ഇറങ്ങിയതോർത്തു. ആരെല്ലാം വെറുത്താലും, വിട്ടുപോയാലും കൂട്ടായ് യേശുവെന്ന് ഓർത്തു. വീണവനെന്നും, താണവനെന്നും, തന്നെക്കുറിച്ച് പരത്തിയ വാർത്തകളേയും ഓർത്തു കണ്ണുകൾ നിറഞ്ഞൊഴുകി. പരിശുദ്ധാത്മാവ് ആശ്വസിപ്പിച്ചു. ഒരു കടലാസ് തുണ്ടിൽ അദ്ദേഹം അവയെല്ലാം കുറിച്ച് അതിൽ ആദ്യത്തെവരികൾ:

**വിശ്വസിച്ചതും, ഓടിയതും, അദ്ധ്വാനിച്ചതും, വ്യർത്ഥമല്ല എന്ന് ഉറപ്പു ലഭിച്ചു. ആത്മാവിൽ ഇങ്ങനെ പാടി. 'യേശുവേ മണവാളനേ പ്രത്യാശയിൻ പ്രദീപമേ...'**

താണവനാണെന്നും വീണവനാണെന്നും കാണുന്നോരോക്കെ പറഞ്ഞാലും നേരായി വിധിക്കുന്ന നാഥൻ അറിയുന്നു. പാരം ഭയപ്പെടുവാനുമോ? 'എന്താനന്ദം എനിക്കെന്താ.' പാട്ടുപുസ്തകങ്ങളിൽ ഈ വരികൾ ചേർത്തിട്ടില്ല. അനുഭവത്തിൽ നിന്നു മാത്രം ഗാനങ്ങൾ എഴുതി. സുവിശേഷം നിമിത്തം കുടുംബത്തിൽ നിന്നും പുറത്താക്കിയ ജോസഫ് ഉപദേശിയെ സ്വന്തക്കാരുടെ വീടുകളിൽ നിന്നെല്ലാം പുറംതള്ളി ദുഃഖവും കണ്ണുനീരും തീരുകയില്ലേ എന്നു ചിന്തിച്ചു. ഈ അവസരത്തിൽ ആശ്വാസപ്രദനാം ആത്മാവ് എഴുതിയ ഗാനമാണ്.

'പാരിച്ച ദുഃഖത്താൽ പോരാട്ടമാകിലും നേരോടെ ജീവിച്ചു അറുതൽപെടും ഞാൻ'. നാലാൾ കൂടുന്നിടത്തെല്ലാം സുവിശേഷം പ്രസംഗിച്ചിരുന്ന ഉപദേശി പരസ്യയോഗങ്ങളിൽ പാടുവാൻ പ്രത്യേക ആത്മപ്രേരണയാൽ ചില ഗാനങ്ങൾ രചിച്ചു. അതിൽ തകരുന്ന ഭരണകൂടങ്ങളെയും ലോകത്തിൻ ധനവും, വീടും, തോട്ടങ്ങളും സമ്പാദിക്കുന്നവരെയും എല്ലാം ഉൾപ്പെടുത്തി പാടിയ പാട്ടാണ്!

'രാവും പകലും ഗീതങ്ങൾ പാടി...' എന്നത് 'വരുവീൻ ഈ നല്ല സമയം', 'ശ്രീയേശു നാമം അതിശയനാമം', 'പാപിയെ ഊറ്ററികിൽ മേവുക', 'വിടുതൽ വിടുതൽ' എന്നീ ഗാനങ്ങൾ ഇന്നും പരസ്യയോഗങ്ങളിൽ ദൈവജനം പാടുന്നു. ദൈവജനത്തിന്റെ വിശ്വാസത്തെയും പ്രത്യാശയെയും പുതുക്കുവാൻ ആത്മപ്രേരിതമായ പ്രസംഗങ്ങളും, അതിനനുസരണമായ ഗാനങ്ങളും എഴുതിയവയിൽ ചിലതാണ്.

'ദൈവം നമ്മുടെ സങ്കേതം ബലം...' 'ഹാ ചിന്തിക്കുകിൽ പരദേശികൾ...' 'ഇനി താമസ്സമോ നാഥാ വരുവാൻ...' 'നീയല്ലോ എനിക്കു സഹായി...', 'ഉയർപ്പിൻ ജീവനാൽ നിത്യജീവൻ നൽകും...', 'ഉദയനക്ഷത്രം വാനിൽ ഉദിച്ചീടാറായ്...', 'ക്രിസ്തുവിൻ സ്നേഹമെത്ര മഹാത്ഭുതം...'

അവിവാഹിതനായിരുന്ന അദ്ദേഹത്തിന്റെ അന്ത്യസമയങ്ങളിൽ എല്ലാവരും കൈവിട്ടു. സങ്കേതത്തിൽ നിന്നും പലരും പോയി. രോഗിയായി കിടക്കയിലായി ശരീരം ക്ഷീണിച്ചു. കണ്ണുനീർ നിറഞ്ഞ ലോകത്തിൽ നിന്നും നിത്യഭവനത്തിൽ ചേരാൻ സമയമായി. താൻ നടന്നുവന്ന വിശ്വാസ പാതകളിലേക്ക് തിരിഞ്ഞുനോക്കി. വിശ്വസിച്ചതും, ഓടിയതും, അദ്ധ്വാനിച്ചതും, വ്യർത്ഥമല്ല എന്ന് ഉറപ്പു ലഭിച്ചു. ആത്മാവിൽ ഇങ്ങനെ പാടി.

'യേശുവേ മണവാളനേ പ്രത്യാശയിൻ പ്രദീപമേ...

എൻ ആശ ഒന്നുമാത്രമേ നിന്നെ കാണുവാൻ

വിൺതേജസ്സിൽ...' കണ്ടീടും, കണ്ടീടും പ്രിയനെ...

പ്രത്യാശയെ ഉണർത്തി പാടിപാടി ആശ്വസിച്ച് 69–ാം വയസ്സിൽ തിരുമുഖത്തിന്റെ ശോഭ സ്വന്തം കണ്ണാൽ ദർശിപ്പാൻ കടന്നുപോയി. മുട്ടം ഗീവർച്ചനുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചില ഗാനങ്ങൾ ഇരുവരും ചേർന്ന് എഴുതുകയും ചെയ്തിട്ടുണ്ട്. •

## ബൈബിൾ ക്വിസ് ഒക്ടോബർ 2016

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**വേദഭാഗം: ദാനിയേൽ 3 മുതൽ 12 –ാം അദ്ധ്യായം വരെ**

1. നെബുഖദ്നേസർ നിറുത്തിയ ബിംബത്തെ എങ്ങനെയാണ് നമസ്ക്കരിക്കേണ്ടത്?
2. എന്തുകൊണ്ടാണ് സ്വപ്നത്തിന്റെ അർത്ഥം അറിയിച്ചപ്പോൾ ദാനിയേൽ പ്രാപ്തനാണെന്ന് നെബുഖദ്നേസർ പറഞ്ഞത് ?
3. ആ കാലം കഴിഞ്ഞിട്ട് നെബുഖദ്നേസർ കണ്ണ് ഉയർത്തിയത് എവിടെയാണ്? (എവിടേക്കാണ്)
4. സ്വന്തവാക്ക് സ്വന്തവായിൽ ഇരിക്കുമ്പോൾ തന്നെ സ്വർഗ്ഗത്തിൽ നിന്നും ശബ്ദമുണ്ടായത് ആർക്ക്?
5. വിചാരങ്ങളാൽ പരവശനായ രാജാവ് ആര്?
6. ഉപവസിച്ച് രാത്രി കഴിച്ച രാജാവ് ആര്?
7. രാത്രി ദർശനത്തിൽ ദാനിയേൽ കണ്ട മൃഗത്തിന് എത്ര കൊമ്പ് ഉണ്ടായിരുന്നു?
8. ഉഗ്രഭാവവും ഉപായബുദ്ധിയുമുള്ള രാജാവ് എഴുന്നേൽക്കുന്നത് എപ്പോൾ?
9. സന്ധ്യയാഗത്തിന്റെ നേരത്ത് ദാനിയേലിന്റെ അടുത്ത് വന്ന ദൂതൻ ആര്?
10. തങ്ങളുടെ ജനത്തെ അറിയുന്ന ജനം എന്തു ചെയ്യും?

**2016 സെപ്റ്റംബർ മാസത്തിലെ ശരി ഉത്തരങ്ങൾ**

1. പുരോഹിതൻ (യെഹസ്ക്കിയേൽ 44:30), 2. 20 ഗേരാ (45:12), 3. ഒരു ഹീൻ (45:24), 4. നാല് മൂലയിലുമുള്ള നാലിനും (46:22), 5. ഉമ്മരപ്പടിയുടെ കീഴെ നിന്ന് (47:1), 6. ഗോത്രത്തിൽ തന്നെ (47:23), 7. ചീട്ടിട്ട് (48:29), 8. സാദോക്ക് (48:11), 9. മെൽസർ (ദാനിയേൽ 1:11), 10. മഹാദൈവം (ദാനിയേൽ 2:45)

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Miss. Jenat K. George, Vakkelathu Sky View, Kakkanadu P.O, Cochin.

*രണ്ടാം സമ്മാനം:* Mrs. Steffi Mohan George, Mannakkal Bungalow, Mannakkad P.O, KTM

**ശരി ഉത്തരം അയച്ചവർ:** 1.Babu Baby, Meenathethil, Panackal Line, Pappanamkodu. 2. Renjulal, Thadatharikathu Veedu, Aduvalli, Mylakkara P.O. 3. Reena K. V. Jeerakathinkalayil, Pozhanadu P.O, 4. Dr. Jeevan Joy, Melethethekkethil, Kayamkulam. 5. Rajeev Paniker, Thadathil, Kollam. 6. Deepthi Biju, Deepthi Cottage, Vellikavala, Kottrakkara. 7. Steffi Mohan George, Mannakkal Bungalow, Mannakkad, Kottayam. 8. Reeja Joy, Nirappil House, Chullimanoor, Nedumangadu. 9. Neeraj Raj, House No. 4542/5, Rajaji Road, Karad, Pune. 10. Miss. Jenat K. George, Vakkelathu Sky View, Kakkanadu P.O, Cochin. 11. Madhu Sudanan, Mangalathu House, vettithitta, Karikkom. 12. Rajamma R, Keezhukettil Padinjattethil, Kaviyoor, Thiruvalla. 13. Mercy K. Sebastian, Meryland, Manjinikkara, Pathanamthitta.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

## നിര്യാതരായി



**തങ്കമ്മ ജോർജ്**

കാർത്തികപ്പള്ളി: ഗില്ഗാൽ ഐ പി സി സഭാംഗം എരിക്കാവ് ശാലേം കോട്ടേജിൽ പരേതനായ യോഹന്നാൻ ജോർജിന്റെ ഭാര്യ തങ്കമ്മ ജോർജ് (75) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

സംസ്കാരം സെപ്റ്റംബർ 23 വെള്ളിയാഴ്ച കാർത്തികപ്പള്ളി ഗില്ഗാൽ ഐ പി സി സെമിത്തേരിയിൽ പാസ്റ്റർ ജോസഫ് ജോണിന്റെ നേതൃത്വത്തിൽ ഐ പി സി ആലപ്പുഴ വെസ്റ്റ സെന്റർ മിനിസ്റ്റർ പാസ്റ്റർ എബ്രഹാം ജോർജ് നടത്തി. പരേത വെട്ടുവേണി ബെഥേൽ കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ രാജു ജോർജ് (ഇന്ദിരാപുരം,ഐ പി സി ഡൽഹി സ്റ്റേറ്റ്) പാസ്റ്റർ മത്തായി ജോർജ് (യൂ എസ് എ) പാസ്റ്റർ ചാക്കോ ജോർജ് (തോട്ടപ്പള്ളി, ഐ പി സി ആലപ്പുഴ വെസ്റ്റ്) ഏലിയാമ്മ കൊല്ലമുള (സൗമിനി). മരുമക്കൾ: ജെസ്സി, ലിസ്സി, ലില്ലി, ജോയ്.



**വേണുഗോപാൽ (നെടിയകാല)**

കഴിഞ്ഞ 25 വർഷത്തിലധികമായി കർത്താവിനുവേണ്ടി ശക്തമായി പടപൊരുതിയ അനുഗ്രഹീത ഗായകനും, സുവിശേഷ പ്രസംഗകനുമായ അനേകരെ യേശുവിന്റെ സ്നേഹത്തിന്റെ സന്ദേശം എത്തിക്കുവാൻ അക്ഷീണം പ്രവർത്തിച്ചിരുന്ന കർത്താവിന്റെ ദാസൻ, വളരെ പെട്ടെന്ന് നിത്യതയിൽ ചേർക്കപ്പെട്ടു. ദുഃഖത്തിലായിരിക്കുന്ന ഭാര്യ: മഞ്ജുള (അദ്ധ്യാപിക, പി.കെ.എസ് എച്ച്.എസ്.എസ്) മക്കൾ: വിൻസ് വേണുഗോപാൽ, എം. വി. ജിൻസി.

## റീജിയൻ കൺവൻഷൻ

പത്തനംതിട്ട: 2017 ജനുവരി 25 മുതൽ 28 വരെ ശാരോൻ ഫെലോഷിപ്പ് ചർച്ച് പുനലൂർ – പത്തനംതിട്ട റീജിയൻ കൺവൻഷൻ വകയാർ കൊല്ലം പടിയിൽ. പാസ്റ്റർമാരായ കെ.ജി. മാത്യൂ, വി.ജെ. തോമസ്, തോമസ് യോഹന്നാൻ, സജു ചാത്തന്നൂർ, റ്റി.ഡി. ബാബു, കെ.ജെ. മാത്യൂ, എബ്രഹാം ജോസഫ് തുടങ്ങിയവർ പ്രസംഗിക്കും. ശാലേം വോയിസ് പത്തനാപുരം ഗാനങ്ങൾ ആലപിക്കും.

## പുതിയ പ്രവർത്തനം

ഐ.പി.സി കാഞ്ഞിരപ്പള്ളി സെന്ററിന്റെ ഭാഗമായി ചേനപ്പാടി ടൗണിനടുത്തുള്ള ഫ്ളവർ മില്ലിനോട് ചേർന്ന് പുതിയതായി തുടങ്ങിയ സുവിശേഷ പ്രവർത്തനം 2016 സെപ്റ്റംബർ 4 ഞായറാഴ്ച വൈകിട്ട് പാസ്റ്റർ പി.എം. മാത്യുവിന്റെ (സെന്റർ വൈസ് പ്രസിഡന്റ്) അദ്ധ്യക്ഷതയിൽ സെന്റർ പാസ്റ്റർ സണ്ണി എബ്രഹാം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ എം.എസ്. ഫിലിപ്പ് ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തനത്തിന് ലാന്റ്‌വേ ന്യൂസിന്റെ അഭിനന്ദനങ്ങൾ.

LANDWAY NEWS
Bringing You Closer to God
LANDWAY
Published From Pathanamthitta
Volume No. 2, Issue No.10 | Pages 8 | Price: Rs. 10/-
10 OCTOBER 2016
Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
www.landwaynews.com
RNI-KERBIL/2015/62054.
Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/10/2016

# ദർശനവും നേതൃത്വവും

ഡോ. എം. സ്റ്റീഫൻ (കോട്ടയം)

**ഇന്ന് രാഷ്ട്രീയ മണ്ഡലങ്ങളിലും ക്രൈസ്തവ സമൂഹങ്ങളിലും നേതൃത്വം എന്ന വാക്കിന് കുടുംബവാഴ്ച എന്നാണ് പര്യായം. സേവനവും ദാസത്വവും കരുതലും പ്രതിബദ്ധതയും വളരെക്കുറഞ്ഞു. അധികാരകസേരകളാണ് എല്ലാവരുടെയും ലക്ഷ്യം.**

ദർശനമില്ലാത്ത നേതൃത്വമാണ് ഇന്നത്തെ പ്രശ്നം. സ്വജന പക്ഷപാതവും സ്വാർഥതയും അഭക്തിയും ഇന്നത്തെ നേതൃത്വത്തിന്റെ പ്രതീക്ഷകളായി മാറിയിരിക്കുന്നു. നേതാവ്, നായകൻ തുടങ്ങിയ പദങ്ങൾക്ക് മൂല്യശോഷണം സംഭവിച്ചിരിക്കുന്നു. കുതന്ത്രങ്ങളുടെ പര്യായമായി നേതൃത്വം എന്ന വാക്ക് മാറിയിരിക്കുന്നു. സ്വന്തം ലാഭങ്ങളും ഉയർച്ചകളും മാത്രമാണ് പല നേതാക്കന്മാർക്കും ലക്ഷ്യം. സ്ഥാനവും പെരുമയും സാമ്പത്തിക നേട്ടങ്ങളും ഉറപ്പിക്കാൻ എന്തും കാട്ടാനും അവർക്കു വിമുഖതയില്ല. അധികാരം കാട്ടാനും സർവാധിപത്യം സ്ഥാപിക്കാനുമാണ് ചിലർ ശ്രമിക്കുന്നത്. ഹിറ്റ്ലറും മുസ്സോളിനിയും സ്വേച്ഛാധിപതികളായിരുന്നു. അവരുടെ പ്രത്യശാസ്ത്രം ഫാസിസമായിരുന്നു. അധികാര ശ്രേണി (Hierarchy) നേതൃത്വത്തിന്റെ പരമ്പരാഗത മാതൃകയാണ്. അധികാര കേന്ദ്രീകരണവും ഇതിന്റെ ഭാഗമാണ്. അധികാരം ആരുടെ കൈയിൽ നിക്ഷിപ്തമായിരിക്കുന്നുവോ, അവരാണ് നേതാവ്. ഈ വീക്ഷണത്തിൽ അവർ പങ്കാളിത്തം ആഗ്രഹിക്കുന്നില്ല. അധികാര വികേന്ദ്രീകരണത്തെ അവർ നിഷേധിക്കുന്നു. ഒറ്റയാൻ പ്രകടനമാണ് ഭൂരിപക്ഷത്തിനിഷ്ടം. അത് സ്വാർഥതയുടെ പ്രതീകമാണ് എന്ന സത്യം അവർ വിസ്മരിക്കുന്നു.

'അധികാര ശ്രേണി' മാതൃക, മുകളിൽ നിന്ന് നിയന്ത്രിക്കുന്നു. അത് ചൈതന്യമില്ലാത്തതാണ്. മാറ്റങ്ങൾക്ക് അത് വിധേയപ്പെടുന്നില്ല. ചലനാത്മകതയില്ലാത്ത മാതൃകയാണിത്. പൊതുവായ ആശയങ്ങൾക്കോ, ഉൾക്കാഴ്ചകൾക്കോ തീരുമാനങ്ങൾക്കോ ഈ മാതൃകയിൽ സ്ഥാനമില്ല. ഞണ്ടിന്റെ തത്വം (*Crab principle*) കാത്തു സൂക്ഷിക്കുന്ന നേതൃത്വ ചിന്തയാണ് പരക്കെ കാണുന്നത്. ഒരു കുട്ടയിൽ ഞണ്ടുകളെയിട്ടാൽ ചിലത് മുകളിലേക്ക് വരാൻ ശ്രമിക്കും. അത് മറ്റ് ഞണ്ടുകൾ അനുവദിക്കില്ല. മുകളിലേക്ക് കയറുന്നവയുടെ കാലിൽ പിടിച്ച് വലിച്ച് അവരെ താഴേക്ക് വരുത്തും. ഇത്തരം പ്രവണതകൾ നാം സാധാരണ കണ്ടു വരുന്ന വികലമായ മാതൃകകളാണ്. ഒരുമിച്ച് വളരുകയുമില്ല ആരുടെയും വളർച്ച അനുവദിക്കുകയുമില്ല ഈ തത്വം.

എല്ലാവരുമായും അധികാരം പങ്കുവയ്ക്കുന്ന മാതൃകയാണ് ഉത്തമം. ഇന്ന് ജന-കേന്ദ്രീകൃതമായ മാതൃകകൾക്കാണ് ഊന്നൽ നൽകുന്നത്. ഒരുവൻ എല്ലാവർക്കും വേണ്ടി, എല്ലാവരും ഒരുവനുവേണ്ടി എന്ന രൂപാന്തര കാഴ്ചപ്പാടാണ് നേതൃത്വചിന്തയിൽ അനിവാര്യം. എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികൾ (*Partners*) എന്ന ദർശനത്തിന് പ്രാധാന്യം നൽകണം. സ്വേച്ഛാധിപത്യത്തിന് നിലനിൽപ്പില്ല. അത്തരം സങ്കല്പങ്ങൾ തകരും. അതിന് ഉദാഹരണമാണ് ഇന്ന് അറബ് രാജ്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അധികാര കേന്ദ്രീകരണം എന്ന മാതൃക തകരുകയാണ്.

സ്നേഹത്തിലും സാഹോദര്യത്തിലും സഹകരണത്തിലും പങ്കാളിത്തചിന്തയിലും നീതിയിലും നിസ്വാർഥമായി സേവനതാൽപ്പര്യത്തോടെ എല്ലാവരുടെയും ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നേതൃത്വമാതൃകകൾ മാത്രമേ അംഗീകരിക്കപ്പെടുകയുള്ളൂ. പണമെറിഞ്ഞും കുതികാൽ വെട്ടിയും കുതന്ത്രങ്ങളിലൂടെ നേടിയെടുക്കേണ്ടതല്ല നേതൃത്വം. നിയോഗവും സ്വഭാവദാർഢ്യവും ക്രിസ്തീയ സമൂഹത്തിന്റെ ആത്മാർഥതയിലധിഷ്ഠിതമായ അംഗീകാരവും ഇതിൽ പ്രധാനമാണ്. ഇന്ന് നിയോഗമോ, ശുശ്രൂഷാദർശനമോ വചനത്തിലുള്ള അറിവോ പ്രധാനമല്ല, പ്രത്യുത പണമുള്ളവൻ നേതാവ് എന്ന രീതിയാണ് കാണുന്നത്. അവർ പണത്തിന്റെ സ്വാധീനത്താൽ നേതാവാകുകയാണ്. സമൂഹത്തിൽ അഴിമതി വീരന്മാർ നേതൃസ്ഥാനത്ത് എത്തുന്നതുപോലെ ക്രിസ്തീയ സമൂഹത്തിലും അനാത്മികർ അധികമായി നേതൃസ്ഥാനങ്ങളിൽ എത്തപ്പെടുന്നുണ്ട്. ധാർമിതകയും സത്യസന്ധതയും നൈർമല്യവും ഉള്ളവർ ക്രിസ്തീയ നേതൃത്വത്തിൽ തുലോം കുറവാണ് എന്ന ദുഃഖസത്യം നാം തിരിച്ചറിയണം.

മോശെ, നെഹെമ്യാവ് തുടങ്ങിയവരുടെ നേതൃത്വരീതി പരിശോധിച്ചാൽ അവർ ജനങ്ങളുടെ വിഷയങ്ങൾ അഥവാ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവരോട് പ്രതിബദ്ധത കാട്ടുകയും ചെയ്തു എന്നു കാണാം. മനുഷ്യത്വവും സഹനവും കരുണയും മധ്യസ്ഥതയും പ്രബോധനവും മാർഗദർശനവും അവരുടെ കൂടെപ്പിറപ്പായിരുന്നു. അവർ ജനങ്ങളോട് കരുതൽ ഉള്ളവരായിരുന്നു. എല്ലാവരുടെയും സഹകരണവും പങ്കാളിത്തവും അവർ ഉറപ്പുവരുത്തി. യേശുക്രിസ്തു നേതൃത്വദർശനത്തിൽ സേവനത്തിനാണ് ഊന്നൽ നൽകിയത്. അധികാരത്തിന്റെ പ്രതീകമായി അതിനെകണ്ടില്ല. ശുശ്രൂഷ ചെയ്യിക്കാനല്ല, ചെയ്യുവാനാണ് താൻ വന്നതെന്ന് യേശു പ്രഖ്യാപിച്ചു (മർക്കൊ. 10:45). കർത്തൃത്വം നടത്തുന്നതും അധികാരം നടത്തുന്നതുമല്ല നേതൃത്വഗുണമെന്നും പ്രത്യുത ശുശ്രൂഷ ചെയ്യുന്നതാണെന്നും യേശു പഠിപ്പിച്ചു (യാക്കോ. 10:42-44). ദാസത്വം നേതൃത്വഗുണമായി യേശു ദർശിച്ചു. അധികാര കസേരകളിൽ ഇരിക്കുന്നതല്ല പ്രധാനമെന്നും എല്ലാവരെയും സേവിക്കുകയാണ് ഉദാത്തമായ നേതൃത്വദർശനമെന്നും യേശു പ്രബോധിപ്പിക്കുന്നു (മർക്കൊ. 10:35-41). സഹനവും ത്യാഗവും സേവനത്തിൽ ഉൾക്കൊണ്ടിട്ടുണ്ട് എന്ന് യേശു ഓർപ്പിക്കുന്നു.

ഇന്ന് രാഷ്ട്രീയ മണ്ഡലങ്ങളിലും ക്രൈസ്തവ സമൂഹങ്ങളിലും നേതൃത്വം എന്ന വാക്കിന് കുടുംബവാഴ്ച എന്നാണ് പര്യായം. സേവനവും ദാസത്വവും കരുതലും പ്രതിബദ്ധതയും വളരെക്കുറഞ്ഞു. അധികാരകസേരകളാണ് എല്ലാവരുടെയും ലക്ഷ്യം. അതിനുവേണ്ടി ഏതു അനാത്മികമാർഗം സ്വീകരിക്കാനും പലർക്കും മടിയില്ല. നേതൃത്വത്തെ ചോദ്യം ചെയ്യാൻ പാടില്ല എന്നാണ് വാദം. എന്നാൽ നേതൃത്വം വികലമായ വഴിയിലൂടെ സഞ്ചരിച്ചാൽ അതിനെ തിന്മയുടെ പ്രതീകമായി കാണണം. തിന്മയുടെ പ്രതീകമായിരുന്ന ഹിറ്റ്ലർ എന്ന ജർമൻ നേതാവിനെ ബോൺ ഹോഫർ അന്തിക്രിസ്തുവെന്നാണ് നാമകരണം ചെയ്തത്. •







## ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.**

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

## ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്‌വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

**Santhosh Pandalam**
**A/C No: 14170100002307,**
**IFSC Code: FDRL0001417**
**MICR Code: 689049476**

**Federal Bank,**
**Pandalam Branch,**
**Pathanamthitta Dist.,**
**Kerala, India**

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.